# 'ത്വാശ് മ ത്വാശ്' വീണ്ടും വിവാദക്കുരുക്കിൽ

**ഗൾഫ്** നാടുകളിൽ റമദാനെ വരവേൽക്കാൻ ഒരുങ്ങുന്നത് വിശ്വാസികൾ മാത്രമല്ല, അവിടത്തെ ടി.വി ചാനലുകൾ കൂടിയാണ്. ഓരോ ചാനലും ശ്രദ്ധേയമായ പ്രോഗ്രാമുകളും പരമ്പരകളും റമദാൻ മാസത്തേക്ക് കരുതിവെക്കും. ആരാധനകൾക്കും പുണ്യകർമങ്ങൾക്കുമായി ചെലവിടേണ്ട വിലപ്പെട്ട സമയം ചാനലുകൾ അപഹരിച്ചുകൊണ്ടുപോകുന്നത് കരുതിയിരിക്കണമെന്ന് ഡോ. യൂസുഫുൽ ഖറദാവിയെപ്പോലുള്ള പണ്ഡിതന്മാർ തന്നെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അതേസമയം അറബ്നാടുകളിൽ ഏറ്റവുമധികം ജനശ്രദ്ധയാകർഷിക്കുന്നത് റമദാൻ ടി.വി പരിപാടികളാണെന്നതും കാണാതിരുന്നുകൂടാ.

ഇവയിൽ പ്രചാരം കൊണ്ട് ഒരുപക്ഷേ ഒന്നാം സ്ഥാനത്ത് 'ത്വാശ് മ ത്വാശ്' എന്ന ആക്ഷേപഹാസ്യ പരമ്പരയായിരിക്കും. വിമർശനം കടുത്ത ഭാഷയിലായതിനാൽ പരമ്പര തുടങ്ങുമ്പോഴേക്ക് വിവാദവും തുടങ്ങിയിരിക്കും. ഇക്കൊല്ലവും അതിന് മാറ്റമില്ല. പ്രമുഖ അറബ് ചാനലായ എം.ബി.സി വിതരണാവകാശം ഏറ്റെടുത്ത 'ത്വാശ് മ ത്വാശി'ന്റെ ആദ്യ എപ്പിസോഡ് തന്നെ വിവാദത്തിൽ കുരുങ്ങി. കഥ ഇങ്ങനെയാണ്: മ്യൂസിക് ആൽബങ്ങളും അനുബന്ധ പരിപാടികളും മാത്രം സംപ്രേഷണം ചെയ്യുന്ന ഒരു ചാനൽ. അവതാരകർ (ആണും പെണ്ണും) എല്ലാ മ്യൂസിക് ചാനലുകളിലും കാണുന്ന പോലെ അൽപവസ്ത്രധാരികൾ. എന്തൊക്കെ ചെയ്തിട്ടും ചാനൽ സാമ്പത്തികമായി നഷ്ടത്തിൽ. പൊടുന്നനെ ചാനലിന് പണം മുടക്കിയവരുടെ തലയിൽ പുതിയൊരു ഐഡിയ കിളിർത്തു. നമുക്കിതിനെ ഒരു 'ദീനീ' ചാനലാക്കാം. തൊട്ടടുത്ത നിമിഷം അൽപ വസ്ത്രധാരിണികൾ ഹിജാബ് അണിയുന്നു. അടിപൊളി വേഷത്തിലുള്ള പുരുഷ അവതാരകർ നീണ്ട താടിയും ഇറക്കം കുറഞ്ഞ (അറബി) കുപ്പായവുമായി പ്രത്യക്ഷപ്പെടുന്നു. ചാനലാകട്ടെ ലാഭത്തിൽനിന്ന് ലാഭത്തിലേക്ക് കുതിക്കുകയും.

"ഏറ്റവുമധികം ജനസ്വീകാര്യതയുള്ള ഇസ്‌ലാമിക ചാനലുകളെ അവഹേളിക്കുന്നതിനും സാമ്പത്തിക താൽപര്യങ്ങളാണ് അവക്ക് പിന്നിലെന്ന് വരുത്തിത്തീർക്കാനുമാണ് സംവിധായകൻ ശ്രമിക്കുന്നത്." ഇതാണ് മതവൃത്തങ്ങളിൽ പൊതുവെയുള്ള അഭിപ്രായം. ഇസ്‌ലാമിക ചാനലുകൾ വിജയിക്കുന്നതും അശ്ലീല ചാനലുകൾ പരാജയപ്പെടുന്നതും സമൂഹത്തിലുണ്ടാകുന്ന ആദർശ മാറ്റത്തിന്റെ ഫലമാണെന്നും അവർ വിലയിരുത്തി. അതിനെതിരെ കൊഞ്ഞനം കുത്തിയതുകൊണ്ട് കാര്യമില്ല. പരമ്പരയിൽ മുഖ്യ കഥാപാത്രങ്ങളായി വേഷമിടുന്ന നാസ്വിറുൽ ഖസ്ബിയെയും അബ്ദുല്ലാ സദ്ഹാനെയും സുഊദിയിലേക്ക് കടക്കാൻ അനുവദിക്കരുതെന്ന് വരെ ചിലർ രോഷം കൊണ്ടു. സുഊദി ലിബറലുകളെ ഒന്നിനും കൊള്ളാത്തവരായി ചിത്രീകരിക്കുന്ന ഒരു എപ്പിസോഡ് തട്ടിപ്പടച്ചുണ്ടാക്കിയാണ് നിർമാതാക്കൾ പ്രേക്ഷകരുടെ രോഷം ഒട്ടൊന്ന് തണുപ്പിച്ചത്. ●

# കൊസോവയിലും ഹിജാബിന് വിലക്ക്

**സെർബിയൻ** ഭീകരത അഴിഞ്ഞാടിയപ്പോൾ ഐക്യരാഷ്ട്രസഭ നേരിട്ട് ഇടപെട്ട് മോചിപ്പിച്ചെടുത്ത പ്രദേശമാണ് കൊസോവ. ഇപ്പോൾ ഈ പ്രവിശ്യയുടെ ഭരണം ഐക്യരാഷ്ട്രസഭയുടെ മേൽനോട്ടത്തിൽ. നിവാസികളിൽ 95 ശതമാനവും മുസ്‌ലിംകൾ. പ്രവിശ്യയിലെ പ്രധാന നഗരങ്ങളിലൊന്നായ സ്കെന്ദരാജിൽ മുസ്‌ലിം ജനസംഖ്യ നൂറ് ശതമാനമാണ്. പതിനാല് പള്ളികളുള്ള നഗരം. ഹിജാബ് ധരിച്ചതിന്റെ പേരിൽ അവിടത്തെ രണ്ട് ഹൈസ്കൂളുകളിൽനിന്ന് മൂന്ന് മുസ്‌ലിം പെൺകുട്ടികളെ പുറത്താക്കുകയുണ്ടായി. 'ഇത് മനുഷ്യാവകാശ ലംഘനമാണ്. വിദ്യാർഥികൾ ഹിജാബ് ധരിച്ചതുകൊണ്ട് നഷ്ടപ്പെടുന്നതല്ല ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ സെക്യുലർ സ്വഭാവം എന്ന് ഞങ്ങൾ സ്കൂൾ അധികാരികളെ പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിച്ചു. പക്ഷേ വിജയിച്ചില്ല'- സ്കെന്ദരാജിലെ പ്രധാന ഇമാം കൊറാബ് ഹജ്റജ് പറഞ്ഞു.

ഹമസ് ജശരി ഹൈസ്കൂളിൽനിന്ന് ഫാതിമീർ ജശരിയും വാൽബോണ കബശിയും ആന്റൺ സിത്താ സ്കൂളിൽനിന്ന് മിഹാന വെലിയും ആണ് പുറത്താക്കപ്പെട്ടത്. കൊസോവയിൽ ഔദ്യോഗികമായി ഹിജാബ് നിരോധിച്ചിട്ടില്ല. മറ്റു സ്കൂളുകളിൽ ഹിജാബ് ധരിക്കുന്ന വിദ്യാർഥിനികളെ പ്രവേശിപ്പിക്കുന്നുണ്ട്. ഫ്രാൻസ് ഉൾപ്പെടെയുള്ള ചില യൂറോപ്യൻ രാഷ്ട്രങ്ങൾ വിദ്യാലയങ്ങളിൽ ഹിജാബിന് നിരോധമേർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ സ്വാധീനമാണ് കൊസോവയിലും പ്രകടമാകുന്നത്. ഇതിനെതിരെ കോടതിയിലും പൊതുരംഗങ്ങളിലും ശക്തമായി പോരാടുമെന്ന് സ്കെന്ദരാജിലെ ഇമാമും പുറത്താക്കപ്പെട്ട വിദ്യാർഥിനികളുടെ കുടുംബാംഗങ്ങളും പറഞ്ഞു. ●

## ഒറ്റുകാരുടെ സുരക്ഷാ വിഭാഗം

**ഗത്യന്തരമില്ലാതെയാണ്** ഫലസ്ത്വീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസിനെ പുറത്താക്കി ഗസ്സയുടെ ഭരണം ഹമാസിന് ഏറ്റെടുക്കേണ്ടിവന്നത്. പ്രസിഡന്റിന്റെ കീഴിലുള്ള സുരക്ഷാ വിഭാഗം ഹമാസിനെ വേരോടെ പിഴുതെറിയാനുള്ള ഒരു വൻ ഗൂഢാലോചനയുമായി മുന്നോട്ടുപോവുകയായിരുന്നു. ഹമാസ് അപകടം മുൻകൂട്ടി കാണുകയും ചാരന്മാരെ ഓടിക്കുകയും ചെയ്തു. ഫത്ഹിന്റെ നിയന്ത്രണത്തിലുള്ള സുരക്ഷാ വിഭാഗം ഓഫീസിൽനിന്ന് കണ്ടെടുക്കപ്പെട്ട രേഖകൾ മനസ്സാക്ഷിയുള്ള ആരെയും ഞെട്ടിക്കുന്നതാണെന്ന് ഹമാസ് നേതാവും മുൻ ഫലസ്ത്വീൻ ആഭ്യന്തരമന്ത്രിയുമായ സഈദ് സ്വിയാം പറഞ്ഞു. ഗസ്സയിൽ നടത്തിയ പത്രസമ്മേളനത്തിലാണ് ഗൂഢാലോചനയുടെ പുതിയ തെളിവുകൾ അദ്ദേഹം പുറത്തുവിട്ടത്.

ഫത്ഹ് നിയന്ത്രണത്തിലുള്ള ചാരപ്പോലീസും അമേരിക്കൻ ചാരസംഘടനയായ സി.ഐ.എയും നിരവധി രഹസ്യയോഗങ്ങൾ ചേർന്നിരുന്നു. ഹമാസ് നേതാക്കളുടെ ചലനങ്ങൾ നിരീക്ഷിക്കാനും സംഭാഷണങ്ങൾ പകർത്താനും അവരുടെ വാഹനങ്ങളിലും ഓഫീസുകളിലും എങ്ങനെ ചോർത്തൽ യന്ത്രം (bug) കൊണ്ടുവെക്കാം എന്നായിരുന്നു പ്രധാന ചർച്ച. ശൈഖ് അഹ്മദ് യാസീൻ, ഡോ. അബ്ദുൽ അസീസ് റൻതീസി തുടങ്ങിയ ഹമാസിന്റെ ഉയർന്ന നേതാക്കളുടെ വധത്തിനു പിന്നിൽ സുരക്ഷാ വിഭാഗത്തിനുള്ള പങ്ക് ഈ രേഖകൾ സംശയങ്ങൾക്കിടയില്ലാത്തവിധം വരച്ചുകാട്ടുന്നു. ബ്രിട്ടന്റെയും സ്പെയിന്റെയും ഇറ്റലിയുടെയും രഹസ്യാന്വേഷണ വിഭാഗങ്ങൾക്ക് സുരക്ഷാ വിഭാഗത്തിന്റെ ഉപാധ്യക്ഷൻ യൂസുഫ് ഈസാ, ഹമാസിന്റെ സൈനിക വിഭാഗത്തെക്കുറിച്ച് കൃത്യമായ വിവരങ്ങൾ എത്തിച്ചിരുന്നു.

ഇസ്രയേലിന് വിവരങ്ങൾ കൈമാറുന്നതിൽ ഫത്ഹിന്റെ ഉയർന്ന നേതാക്കൾ മത്സരിക്കുകയായിരുന്നുവെന്നാണ് വ്യക്തമാവുന്നത്. മുൻ കാലങ്ങളിൽ ഹമാസായിരുന്നില്ല അവരുടെ മുഖ്യ ഉന്നം; അവരുടെ തന്നെ അനിഷേധ്യ നേതാവായ യാസിർ അറഫാത്തായിരുന്നു. അറഫാത്തിന്റെ ഓഫീസിൽ ഇപ്പോഴത്തെ പ്രസിഡന്റ് മഹ്മൂദ് അബ്ബാസിന്റെ മേൽനോട്ടത്തിൽ ഒരു ചാരവിഭാഗം തന്നെ പ്രവർത്തിച്ചിരുന്നുവത്രെ. അസാന്മാർഗിക ജീവിതം നയിക്കുന്ന ഒരു ഫത്ഹ് നേതാവാണ് അറഫാത്തിന്റെ നീക്കങ്ങൾ ഇസ്രയേലിന് ചോർത്തിക്കൊടുത്തത്.

അറബ്-മുസ്‌ലിം ലോകത്തെ പ്രമുഖ ഇസ്‌ലാമിക വ്യക്തിത്വങ്ങൾ, ബിസിനസ്സുകാർ, കച്ചവടക്കാർ തുടങ്ങിയവരെക്കുറിച്ച വിവരങ്ങൾ ശേഖരിച്ച് ഇസ്രയേലിനും പാശ്ചാത്യ രാഷ്ട്രങ്ങൾക്കും കൈമാറിയിരുന്നതും ഫലസ്ത്വീനികളുടെ ഈ സ്വന്തം സംഘടന തന്നെ! പുതിയ വെളിപ്പെടുത്തൽ ഫത്ഹിന്റെ ജനകീയാടിത്തറ തകർക്കുമെന്ന് രാഷ്ട്രീയ നിരീക്ഷകർ അഭിപ്രായപ്പെടുന്നു. ●

---

## ഇസ്‌ലാമിനെക്കുറിച്ച് അമേരിക്കക്കാർ ഇപ്പോഴും അജ്ഞർ തന്നെ

**ഇസ്‌ലാം** അമേരിക്കയിൽ സജീവ ചർച്ചാവിഷയമാണെങ്കിലും, ഇസ്‌ലാമിലെ അനുഷ്ഠാനങ്ങളെക്കുറിച്ച് തങ്ങൾക്കൊന്നും അറിയില്ലെന്നാണ് ഭൂരിപക്ഷം അമേരിക്കക്കാരും പറയുന്നത്. ഇസ്‌ലാമിക വിശ്വാസവും തങ്ങളുടെ ക്രൈസ്തവ വിശ്വാസവും പൊതുവായി എന്തെങ്കിലും പങ്കുവെക്കുന്നതായി അവർ കരുതുന്നുമില്ല. അമേരിക്കയിലെ പ്യൂ ഗവേഷണ കേന്ദ്രം (Pew Reserch Centre) നടത്തിയ സർവേയിലാണ് ഈ വെളിപ്പെടുത്തൽ. 58 ശതമാനത്തിനും ഇസ്‌ലാമിലെ അനുഷ്ഠാനങ്ങളെക്കുറിച്ച് ഒന്നും അറിഞ്ഞുകൂടാ. 2001-ലെ ഭീകരാക്രമണത്തിനുശേഷവും ഇസ്‌ലാമിനെ പഠിച്ചറിയുന്നവരുടെ എണ്ണത്തിൽ കാര്യമായ മാറ്റമൊന്നും ഉണ്ടായിട്ടില്ലെന്നാണ് ഇത് നൽകുന്ന സൂചന.

ദേശവ്യാപകമായി 3002 പേരുമായാണ് അഭിമുഖം നടത്തിയത്. 'ഇവരിൽ 70 ശതമാനം അമുസ്‌ലിംകളും പറയുന്നു, തങ്ങളുടെ മതം മുസ്‌ലിം മതത്തിൽനിന്ന് തീർത്തും ഭിന്നമാണെന്ന്.' സമൂഹത്തിൽ ഇസ്‌ലാമിനെക്കുറിച്ചും മുസ്‌ലിംകളെക്കുറിച്ചുമുള്ള പ്രതിഛായ മോശമായി വരികയാണെന്നും സർവേ കണ്ടെത്തി. 35 ശതമാനം പേരും വളരെ മോശമായ അഭിപ്രായപ്രകടനമാണ് നടത്തിയത്. ഇസ്‌ലാം സ്വന്തം അനുയായികളെ ഹിംസക്ക് പ്രേരിപ്പിക്കുന്നതായി 45 ശതമാനം വിശ്വസിക്കുന്നു. ഇസ്‌ലാമിനെ ഒറ്റവാക്കിൽ വിശേഷിപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ ചീത്ത വിശേഷണങ്ങൾ നൽകുന്നവരായിരുന്നു കൂടുതലും- മതമൗലികം, ഭീകരം, മതാന്ധം എന്നിങ്ങനെ.

'സർവേ ഫലം ഞങ്ങളെ അത്ഭുതപ്പെടുത്തുന്നില്ല. ഭീകരവാദികൾ ഇസ്‌ലാമിനെ നൽകുന്ന വികൃതമായ പ്രതിഛായ അത്രവേഗം ജനമനസ്സുകളിൽനിന്ന് നീക്കിക്കളയാനാവില്ല'- കൗൺസിൽ ഓൺ അമേരിക്കൻ-ഇസ്‌ലാമിക് റിലേഷൻസി(CAIR)ന്റെ വക്താവ് സഫാ ഇബ്റാഹീം പറഞ്ഞു.

മീഡിയയിൽ വരുന്നത് കേട്ടും വായിച്ചുമാണ് ഇസ്‌ലാമിനെക്കുറിച്ച് സമൂഹത്തിൽ തെറ്റായ ധാരണ പരക്കുന്നതെന്ന് പ്യൂ ഫൗണ്ടേഷൻ കണ്ടെത്തിയിട്ടുണ്ട്. അഭിമുഖം നൽകിയവരിൽ മൂന്നിലൊന്നും പറയുന്നത്, അഭിപ്രായ രൂപീകരണത്തിൽ തങ്ങളെ കാര്യമായി സ്വാധീനിച്ചത് മീഡിയ ആണെന്നാണ്. അമേരിക്കൻ മീഡിയയും രാഷ്ട്രീയക്കാരും മുസ്‌ലിംകളെ പിശാചിന്റെ പ്രതിരൂപങ്ങളായി അവതരിപ്പിക്കുകയാണെന്ന് അമേരിക്കയിലെ ഏറ്റവും വലിയ ജൂത കൂട്ടായ്മയായ 'യൂനിയൻ ഫോർ റിഫോം ജൂതായിസ'ത്തിന്റെ തലവൻ ഈയിടെ ആരോപിച്ചിരുന്നു. ●